മുത്തങ്ങ സംഭവത്തിൽ പീഡനമേറ്റവർക്ക് ധനസഹായം

152 (1044) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുത്തങ്ങ സമരത്തിൽ പീഡനമേറ്റ ആദിവാസി കുടുംബങ്ങൾക്ക് സർക്കാർ ധനസഹായം പ്രഖ്യാപിച്ചിരുന്നോ ;

(ബി) എങ്കിൽ എന്തു തുകയാണ് പ്രഖ്യാപിച്ചതെന്ന് വെളിപ്പെടുത്താമോ ;

(സി) എത്ര കുടുംബങ്ങളാണ് ഈ സമരത്തെത്തുടർന്ന് കഷ്ടത അനുഭവിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) പ്രഖ്യാപിച്ച തുകയിൽ ഓരോ കുടുംബത്തിനും എത്രവീതം വിതരണം ചെയ്തുവെന്നു പറയാമോ ;

(ഇ) തുക വിതരണം ചെയ്തത് സംബന്ധിച്ച് ഔദ്യോഗിക ലിസ്റ്റ് ലഭ്യമാക്കുമോ ;

(എഫ്) സർക്കാർ പ്രഖ്യാപിച്ച സഹായം ആദിവാസികൾക്ക് ലഭിച്ചില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി&ഇ) പണമായി നൽകിയിട്ടില്ല.

(എഫ്) ഇല്ല.

(ജി) ബാധകമല്ല.

മുത്തങ്ങയിലെ ആദിവാസി സ്ത്രീകളെ പീഡിപ്പിച്ചതായ ആരോപണം

153 (1045) ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുത്തങ്ങയിൽ ആദിവാസി വനിതകളെ പോലീസ് പീഡിപ്പിച്ചതായി ആരോപണം ഉന്നയിച്ചത് ആരായിരുന്നുവെന്നും അതെന്നായിരുന്നുവെന്നും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിനുമുമ്പ് മുത്തങ്ങയിലെത്തിയ രാഷ്ട്രീയ പ്രവർത്തകർ, ജേർണലിസ്റ്റുകൾ, സാമൂഹ്യപ്രവർത്തകർ എന്നിവരോട് ഇത്തരം ആരോപണത്തെപ്പറ്റി മുത്തങ്ങയിലെ ആദിവാസി വനിതകൾ സൂചിപ്പിച്ചിരുന്നുവോ ;

(സി) ഈ ആരോപണമുണ്ടാകുന്നതിനുമുമ്പ് മുത്തങ്ങ സന്ദർശിച്ച ടോർച്ചർ പ്രിവൻഷൻ സെന്റർ ഭാരവാഹികൾ, ജേർണലിസ്റ്റ് ലീലാമേനോൻ, ഡോക്ടർ ലളിത, ഡോക്ടർ ബാലചന്ദ്രമേനോൻ എന്നിവരോട് ആദിവാസി വനിതകളെ പോലീസ് പീഡിപ്പിച്ചതായി അവർ പറഞ്ഞിട്ടുണ്ടോ ;

(ഡി) മുത്തങ്ങ സംഭവം കഴിഞ്ഞ് വളരെ ദിവസം പിന്നിട്ടശേഷം ഇത്തരം ആരോപണത്തെപ്പറ്റി സൂചിപ്പിച്ച് ആദിവാസികളെ മാനംകെടുത്തിയത് അവരോടുള്ള ഒരു ക്രൂരതയായി ഗവൺമെന്റ് കരുതുന്നുണ്ടോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മാധ്യമരംഗത്ത് ദളിതരുടെ സാന്നിദ്ധ്യം ഉറപ്പാക്കാൻ നടപടി

154 (1046) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാധ്യമരംഗത്ത് ദളിതരുടെ സാന്നിദ്ധ്യം ഉറപ്പാക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ഈ പദ്ധതി എന്ന് പ്രാവർത്തികമാക്കുമെന്ന് അറിയിക്കാമോ ;

ഉത്തരം

(എ-സി) മാധ്യമരംഗത്ത് ദളിതരുടെ സാന്നിദ്ധ്യം ഉറപ്പാക്കാനുള്ള ഒരു പദ്ധതി ഈ വർഷം തന്നെ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. മാധ്യമങ്ങളിൽ ഈ വിഭാഗക്കാർക്ക് കാര്യമായ പ്രാതിനിധ്യമില്ലാത്ത സാഹചര്യത്തിൽ തെരഞ്ഞെടുത്ത ഏതാനും വിദ്യാർത്ഥികളെ ജേർണലിസം/കമ്മ്യൂണിക്കേഷൻ വിഷയങ്ങളിൽ അംഗീകൃത സ്ഥാപനങ്ങളിൽ ചേർത്ത് സർക്കാർ ചെലവിൽ പഠിപ്പിക്കുകയും ഈ മേഖലയിൽ അവരെ പ്രാവിണ്യർ ആക്കുവാനുമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ വിശദാംശങ്ങൾ സർക്കാർ പരിഗണിച്ച് വരുന്നതേയുള്ളൂ. കൂടാതെ പട്ടികസമുദായ ക്ഷേമ സംബന്ധമായ വിഷയങ്ങൾ ഏറ്റവും ഫലപ്രദമായ രീതിയിൽ കൈകാര്യം ചെയ്യുന്ന മാധ്യമപ്രവർത്തകന് അവാർഡ് ഏർപ്പെടുത്തുവാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന 'പടവുകൾ' എന്ന മാസികയിൽ ദളിത് വിഭാഗക്കാരുടെ രചനകൾക്ക് മുൻഗണന നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly